പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5904** **07. 07. 2014** - ലെ മറുപടി

<u>പ്രവാസി പുനരധിവാസം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. ഇ.കെ. വിജയൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് റിട്ടേൺ ഫോർ എമിഗ്രൻസ് പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ & ബി) ഇല്ല. |
| (സി) പദ്ധതിയുടെ നടത്തിപ്പിൽ നേരിടുന്ന കാലതാമസം ഒഴിവാക്കി പ്രവാസി പുനരധിവാസം കാര്യക്ഷമമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (സി) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി രൂപീകരിച്ച പദ്ധതിയാണ് NDPREM. പദ്ധതി നടത്തിപ്പ് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുകയാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ 20.000 – ൽ പരം അപേക്ഷകൾ ലഭിക്കുകയുണ്ടായി ഇതിൽ കാർഷിക വ്യവസായം, ചെറുകിട കച്ചവടം, ഉത്പാദനം എന്നി മേഖലകളിൽ ലഭിച്ച അപേക്ഷകളുടെ ആദ്യ ഘട്ട സ്ക്രീനിംഗ് കഴിഞ്ഞ അപേക്ഷകർക്ക് ജില്ലാ - താലൂക്ക് തലത്തിൽ പ്രത്യേക ബോധവത്കരണ/പരിശീലന ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞു. ഉത്പാദന മേഖലയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കാർഷിക മേഖലയിലെ അപേക്ഷകരുടെ പരിശീലന പരിപാടികൾ നടന്നുവരികയാണ്. ബാങ്ക് വായ്പ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നതിന് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച് ചെയ്ത് ധാരണയിലെത്തിയിട്ടുണ്ട്. സേവന മേഖലയിൽ ടാക്സി സർവ്വീസിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നതിനായി കാനറാ ബാങ്കുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള 2868 അപേക്ഷകരെ സ്ക്രീനിംഗിനായി ക്ഷണിക്കുകയും ഇതിനകം 850 പേരെ ആനുകൂല്യത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 260 പേർ ഈ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 240 പേരുടെ സബ്സിഡി തുകയായ 1,66,15,310 രൂപ അതാത് ബ്രാഞ്ചുകളിൽ(അപേക്ഷകരുടെ) നിക്ഷേപിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ